# മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

# കരട് ബജറ്റ്

# 2026–27



പ്രിയമുള്ളവരെ,

ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റാണിത്. ' അധികാരം ജനങ്ങളിലേക്ക് ' എന്ന മഹത്തായ ആശയം മുറുകെ പിടിച്ചുകൊണ്ട് വികസന – ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങൾ ആഗ്രഹിക്കുന്ന തലത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ നവകേരള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്ന മഹത്തായ ചുമതലയും ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കുന്നുണ്ട്.

ഭരണഘടന ഉറപ്പാക്കുന്ന തുല്യ നീതി പ്രാദേശിക തലത്തിലും ഉറപ്പാക്കുന്നതിന് ലഭ്യമായ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് സമസ്ത മേഖലകളെയും കണക്കിലെടുത്തുകൊണ്ടും പ്രാദേശിക തലത്തിൽ രൂപപ്പെട്ട് വരുന്ന ആശയങ്ങളെ ഉൾക്കൊണ്ടുമുള്ള വികസന കാഴ്ച്ചപ്പാടാണ് ഗ്രാമപഞ്ചായത്തിനുള്ളത്.

ജനങ്ങളുടെ സൈ്വര്യ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതാണ് പ്രദേശിക സർക്കാരുകളുടെ ചുമതല. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിയും സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തിക്കൊണ്ടുമുള്ള വികസന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

ദീർഘകാല അടിസ്ഥാനത്തിലുള്ളതും, തനത് വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് കൊണ്ട് മാത്രം പൂർത്തീകരിക്കാനാവത്തുമായ ബൃഹത്തായ ആശയങ്ങൾ ഈ ബജറ്റിലുണ്ട്.

ഇവ നിറവേറ്റുന്നതിന് വിവിധ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും സഹായം തേടുന്നതാണ്.

വികസന ക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവും സമയക്രമങ്ങളും അശ്രാന്ത പരിശ്രമവും കൂടിച്ചേരേണ്ടതുണ്ട്. ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് സാമൂഹിക വ്യവസ്ഥിതിയിലും ജീവിത സാഹചര്യത്തിലും പുരോഗതി കൈവരിക്കുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് 2026– 27 വർഷത്തെ വാർഷിക ബജറ്റ് അവതരണത്തിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. പ്രീത ദിനേശൻ അവർകളെ ക്ഷണിച്ചുകൊള്ളുന്നു.

അഡ്വ. ജാഫർ നല്ലൂർ
പ്രസിഡന്റ്
മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

കാക്കയങ്ങാട്
04/03/2026

# ***2026-27 സാമ്പത്തിക വർഷത്തെ കരട് ബഡ്ജറ്റ്***



മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രകൃതി വിഭവങ്ങൾ ഈ ഭൂമിയിലുണ്ട്. എന്നാൽ അവന്റെ സ്വാർത്ഥതയ്ക്കുള്ളതില്ലതാനും '

പ്രിയപ്പെട്ടവരെ,

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് അവതരണത്തിനായി ചേ◌ന്ന ഈ പ്രത്യേക ഭരണ സമിതി യോഗത്തിൽ ആമുഖം പ്രസംഗം നടത്തിയ യോഗാദ്ധ്യക്ഷനും മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമായ ബഹുമാനപ്പെട്ട ശ്രീ. അഡ്വ. ജാഫർ നല്ലൂർ അവർകൾ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയപേഴ്സൺമാർ, പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആസൂത്രണ സമിതി അംഗങ്ങൾ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ, മാധ്യമ സുഹൃത്തുക്കൾ തുടങ്ങി എല്ലാവരെയും ഈ യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

മുഴക്കുന്ന് പഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള ബജറ്റ് ഏറെ ശുഭ പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയും ഞാൻ പഞ്ചായത്ത് ഭരണ സമിതി മുമ്പാകെ അവതരിപ്പിക്കുന്നു.

ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. 2026-27 വാർഷിക കാലയളവിൽ നടത്താൻ ഉദ്ദേശിക്കുന്ന വിവിധ തരത്തിലുള്ള സേവന വികസന ക്ഷേമ പ്രവർത്തനങ്ങളുടെയും തുടർച്ചായി നിർവ്വഹിച്ചു പോരുന്ന പദ്ധതിയേതര പ്രവർത്തനങ്ങളുടെയും വിവിധ വിഭവങ്ങളുടെ സമാഹരണത്തിന്റെയും ചെലവഴിക്കലിന്റെയും രേഖയാണ് ബജറ്റ്.

മുഴക്കുന്ന് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഫണ്ടിന്റെ അപര്യാപ്തത വലിയൊരു വിഷയമാണെങ്കിലും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് എല്ലാ മേഖലകളിലും വികസനം എത്തിക്കുക എന്ന ലക്ഷ്യത്തോടെയണ് ഈ വർഷത്തെ ബജറ്റ് തുക വകയിരുത്തിയിട്ടുള്ളത്. പരിമിതമായ ഫണ്ടിൽ നിന്നും തികച്ചും ജനകീയവും ജനാധിപത്യവുമായ ചർച്ചകളിലൂടെയുമാണ് മുൻഗണന ക്രമം നിശ്ചയിച്ചതും, വിവിധ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും.

വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകി ഒട്ടേറെ ആശയങ്ങളും പ്രവർത്തനങ്ങളും പഞ്ചായത്തിന് മുന്നോട്ട് വയ്ക്കാനുണ്ട്. ഈ വികസനം കൈവരിക്കുന്നതിനായി കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, സ്പോൺസർഷിപ്പ്, സന്നദ്ധ സേവനം എന്നീ സഹായങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് നടപ്പിലാക്കുന്നതിനായി ഈ ബജറ്റ് ഏറെ പ്രതീക്ഷയോടെ ലക്ഷ്യം വയ്ക്കുന്നു.

ജൈവവൈവിധ്യങ്ങളുടെ ഒരു കലവറയാണ് മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്. മിഴാവ്കുന്ന് എന്നറിയപ്പെടുന്ന മുഴക്കുന്നിൽ മൃദംഗശൈലേശ്വരി ക്ഷേത്രവും ചാക്കാട് മുരിങ്ങൂർ മുതൽ പെരുമ്പുന്ന വരെ നീണ്ടു നിൽക്കുന്ന പുഴയോരവും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഈ പ്രദേശം സവിശേഷമായ ഭൂപ്രകൃതിയും ജൈവ സമ്പത്തും കൊണ്ട് സമ്പുഷ്ടമാണ്. കഠിനാദ്ധ്വാനികളായ കർഷകരും നമ്മുടെ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്. നിലവവിലുള്ള തരിശായ നെൽപ്പാടങ്ങൾ കൃഷി യോഗ്യമാക്കി, ഉൽപ്പാദനം വർധിപ്പിച്ച് സംരക്ഷിക്കുന്നതിനുമായി 2026-27 വർഷത്തെ ബജറ്റിൽ ഉൽപ്പാദന

മേഖലയ്ക്ക് പ്രമുഖ സ്ഥാനമാണ് നൽകിയിട്ടുള്ളത്. സുസ്ഥിര വികസന ലക്ഷ്യ വെച്ചും മണ്ണ്, ജല ജൈവ സമ്പത്തിന്റെ സംരക്ഷണവും ഉറപ്പ് വരുത്തി, വിഷ രഹിത കാർഷിക അഭിവൃദ്ധിക്ക് സഹായകരമായ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് സ്വീകരിക്കുന്നത്.

ആരോഗ്യ രംഗത്ത് മുഴക്കുന്ന് പി.എച്ച്.സിയുടെ വികസനം നമുക്ക് ഏറെ അഭിമാനകരമാണ്. ഡോക്ടർമാരുടെ സേവനം, ഒ.പി, പാലിയേറ്റീവ് പ്രവർത്തനങ്ങൾ എന്നിവ ഏറെ മെച്ചപ്പെട്ട നിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. അതുപോലെ തന്നെയാണ് ആയുർവേദ ആശുപത്രിയിൽ നിന്നും ഹോമിയോ ആശുപത്രിയിൽ നിന്നും മികച്ച സേവനമാണ് ലഭിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ വിവിധ പദ്ധതികളും വിവിധ പദ്ധതികളിലൂടെ സ്ത്രീകൾക്ക് നൽകുന്ന പിന്തുണയും എടുത്തു പറയേണ്ട ഒന്നാണ്. അതോടൊപ്പം കുട്ടികൾ, വയോജനങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകിവരുന്ന പിന്തുണയും യാത്ര സൗകര്യവും ഉൾപ്പെടെ അടിസ്ഥാനം മേഖലയുടെ വികസനം എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് ഈ ബജറ്റിലൂടെ ഞാൻ പരിശ്രമിച്ചിട്ടുണ്ട്.

സാമൂഹികനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് 2026-27 വർഷത്തെ ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ദാരിദ്ര്യം അനുഭവിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ ഉന്നമനത്തിന് പ്രഥമ പരിഗണന നൽകിക്കൊണ്ടും ആരോഗ്യ സേവന മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നതോടൊപ്പം വികസനത്തിന്റെ പുതിയ സാധ്യതകൾ ഉൾചേർത്ത് കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സുസ്ഥിരവികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള നവീനമായ നിർദ്ദേശങ്ങൾ വിവിധ മേഖലകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. അവയെ പരിഗണിച്ചുകൊണ്ടും വർക്കിംഗ് ഗ്രൂപ്പ് ഗ്രാമസഭ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ആസൂത്രണ സമിതി വിദഗ്ധരുടെ ഉപദേശങ്ങൾ ഭരണസമിതിയുടെ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് ജനകീയ ആസൂത്രണത്തിന്റെ മുഴുവൻ അന്തസത്തയും ഉൾക്കൊണ്ട് തയ്യാറാക്കിയ ബജറ്റാണിത്.

# കാഴ്ചപ്പാട്-ഊന്നൽ

## കാർഷിക മേഖല

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷിക മേഖല. ഭക്ഷ്യ ഉൽപ്പാദനം വർധിപ്പിച്ച്കൊണ്ടും മുഴുവൻ കൃഷിയോഗ്യമായ ഭൂമിയെയും കൃഷി ഭൂമിയാക്കി മാറ്റിക്കൊണ്ടും സ്വയം പര്യാപ്ത ഗ്രാമമായി മുഴക്കുന്നിനെ മാറ്റാൻ ഇനിയും വൈകിക്കൂടാ. നെൽകൃഷി, തെങ്ങ്കൃഷി, വാഴകൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമുള്ള നടപടി ബജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് 1934675/- (പത്തൊൻപത് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് ) രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## മൃഗസംരക്ഷണം

മൃഗ സംരക്ഷണത്തിനും പാൽ ഉൽപ്പാദനത്തിനും മുന്തിയ പരിഗണന നൽകിയും മത്സ്യ കൃഷി പ്രോത്സാഹിപ്പിച്ചും പദ്ധതികൾ രൂപീകരിക്കുന്നതിന് വിഭവ ലഭ്യത ബജറ്റിലൂടെ ഉറപ്പ് വരുത്തിയിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ തുടർന്നും ഏറ്റെടുക്കുന്നതാണ്. മൃഗസംരക്ഷണ മേഖലയ്ക്ക് ആകെ 4000000/- (നാൽപ്പത് ലക്ഷം) രൂപ വകയിരുത്തുന്നു.

## ആരോഗ്യമേഖല

ആരോഗ്യമുള്ള ഒരു ജനതയാണ് സമൂഹത്തിന്റെ സമ്പത്ത്. ആരോഗ്യ സംരക്ഷണത്തിനും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും, ആയുർവേദ-ഹോമിയോ ആശുപത്രിയുടെയും സുഗമമായ പ്രവർത്തനത്തിനും മരുന്ന് ലഭ്യത ഉറപ്പ്

വരുത്തുന്നതിനും മുന്തിയ പരിഗണന നൽകാൻ നാം സദാ സന്നദ്ധരാണ്. ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുന്നതിനും ജന സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകും. പൊതു ആരോഗ്യ പരിപാടികൾക്കായി 2200000/- (ഇരുപത്തി രണ്ട് ലക്ഷം) രൂപയും മരുന്ന് വാങ്ങുന്നതിനായി 2000000/- (ഇരുപത് ലക്ഷം) രൂപയും വകയിരുത്തുന്നു.

<u>വിദ്യാഭ്യാസം</u>

കുട്ടികൾ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളാണ്. അവർക്ക് മികച്ച വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പ് വരുത്തുകയെന്നത് പ്രാദേശിക സർക്കാറിന്റെ ചുമതലയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളിലെ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര സഹവാസ ക്യാമ്പ്, കുട്ടികളിലെ വായനാ ശീലം പ്രോൽസാഹിപ്പിക്കുന്നതിനായി സ്കൂളുകൾക്ക് പത്ര മാസിക വിതരണം, കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ലഹരി വിരുദ്ധപ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുമായി ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം എന്നീ പദ്ധതികൾ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയ്ക്ക് 1055000/- (പത്ത് ലക്ഷത്തി അൻപത്തി അയ്യായിരം ) രൂപ വകയിരുത്തുന്നു.

<u>വനിതാ ശിശുക്ഷേമം</u>

വനിതാ ശിശു ക്ഷേമ പരിപാടികൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അങ്കണവാടി പോഷകാഹാര പരിപാടികൾക്കും അങ്കണവാടി അടിസ്ഥാന സൗകര്യം വികസനത്തിനും വേണ്ടത്ര പരിഗണന ബജറ്റ് നൽകിയിട്ടുണ്ട്. അങ്കണവാടി കലോൽസവം, അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ, അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം മുതലായ

പദ്ധതികൾക്കായി 3152000/- (മുപ്പത്തിയൊന്ന് ലക്ഷത്തി അൻപത്തി രണ്ടായിരം ) രൂപ വകയിരുത്തുന്നു.

സ്ത്രീ പദവി ഉയർത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജെന്റർ റിസോഴ്സ് സെന്റർ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കമ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്ററെ നിയമിച്ച് സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. വനിത ക്ഷേമ പ്രവർത്തനങ്ങൾക്കായി 772000/- (ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരം) രൂപ വകയിരുത്തുന്നു.

## ഭിന്നശേഷി ക്ഷേമം

ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേൾവി പരിമിതിയുള്ളവർക്കുവേണ്ടി കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് എന്ന പദ്ധതിക്കും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഭിന്നശേഷി കലോൽസവം എന്നീ പദ്ധതികൾക്കുമായി 2000000/- ( ഇരുപത് ലക്ഷം) രൂപ വകയിരുത്തുന്നു.

## പട്ടികജാതി/ പട്ടിക വർഗ്ഗ ക്ഷേമം

പട്ടിക ജാതി–പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി, പാർപ്പിടം, മികച്ച വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, നൈപുണ്യ വികസന പരിശീലനം, തൊഴിൽ, യാത്രാ സൗകര്യം, ശുദ്ധജലം എന്നിവ ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക ജാതി വികസനത്തിനുള്ള പദ്ധതികൾക്കായി 726000/- (ഏഴ് ലക്ഷത്തി ഇരുപത്തിയാറായിരം) രൂപയും

പട്ടിക വർഗ്ഗ വികസനത്തിനുള്ള പദ്ധതികൾക്കായി 3864000/- (മുപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി നാലായിരം) രൂപയും പ്രത്യേകമായി വകയിരുത്തുന്നു

**പാർപ്പിടം**

സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീടില്ലാത്ത എല്ലാവർക്കും സ്വന്തമായി ഒരു വീട് എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നാം കൂടുതൽ മുന്നേറുകയാണ്. അതിന്റെ ഭാഗമായി തെരഞ്ഞടുക്കപ്പെട്ട ഗുണഭോക്താക്കളുടെ സ്വപനം സാക്ഷാത്കരിക്കുന്നതിനായി മുന്തിയ പരിഗണന ഈ ബജറ്റിലും നൽകിയിട്ടുണ്ട്. ഭവന പദ്ധതികൾക്കായി 40000000/- (നാല് കോടി) രൂപ വകയിരുത്തുന്നു.

**കുടിവെള്ളം**

കുടിവെള്ള ക്ഷാമം നേരിടുന്ന ഒട്ടേറെ പ്രദേശങ്ങൾ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ട്. ജലക്ഷാമം നേരിടുന്നതിനായി 2474000/- (ഇരുപത്തി നാല് ലക്ഷത്തി എഴുപത്തി നാലായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

**മാലിന്യ നിർമാർജ്ജനം**

ഉറവിട മാലിന്യ സംസ്കരണത്തിന് പ്രോത്സാഹനം നൽകുന്നതിന് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്ന ഹരിതകർമ സേനക്ക് സുരക്ഷാ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ

മുതലായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി 1222000/- (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി രണ്ടായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

**<u>തൊഴിൽ</u>**

തൊഴിലവസരങ്ങൾ ഉറപ്പ് വരുത്തുന്നതിനും, ആസ്തി രൂപീകരണത്തിനും വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ (ഗ്രാമീൺ) തൊഴിലുറപ്പ് പദ്ധതി (VBGRAMG) കാര്യക്ഷമമായി നടപ്പാക്കുന്നതിന് നാം പ്രതിജ്ഞാബന്ധരാണ്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും മെറ്റീരിയൽ വർക്കുകളും പരമാവധി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ലേബർ ബജറ്റും ആക്ഷൻ പ്ലാനും ബജറ്റുമായി സംയോജിപ്പിച്ച് 47000000/- (നാല് കോടി എഴുപത് ലക്ഷം) രൂപ വകയിരുത്തുന്നു.

**സദ്ഭരണം**

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ജനസൗഹൃദവും വേണ്ടത്ര അടിസ്ഥാന സൗകര്യമുള്ളതുമായേ തീരു. നമ്മുടെ പഞ്ചായത്ത് ഐ.എസ്.ഒ നിലവാരം കൈവരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലൂടെയും ഘടകസ്ഥാപനങ്ങളിലൂടെയും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായും വർദ്ധിച്ച ഗുണമേൻമയിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. കെ സ്മാർട്ട് സോഫ്റ്റ് വെയർ വഴി സമയബന്ധതമായി പൊതു ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഘടക സ്ഥാപനങ്ങളെയും ഐ എസ് ഒ നിലവാരത്തിലേക്ക് ഉയർത്തുക എന്ന നമ്മുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ ഘടക സ്ഥാപനങ്ങളിലും സേവന പ്രദാനമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

സദ്ഭരണ പ്രവർത്തനങ്ങൾക്കായി 2300000/- (ഇരുപത്തി മൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു.

**പശ്ചാത്തല വികസനം**

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് റോഡുകൾ ടാറിംഗും കോൺക്രീറ്റിംഗും നടത്തുന്നതിന് അർഹമായ പരിഗണന നൽകിയിട്ടുണ്ട്. വിവിധ റോഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റ പണികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. പശ്ചായത്തല മേഖലയിലെ വിവിധ പദ്ധതികൾക്കായി 22000000/- (രണ്ട് കോടി ഇരുപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

ഇവയൊക്കെ കൂടാതെ മുഴക്കുന്ന് പഞ്ചായത്തിന്റെ പുഴയോട് ചേർന്ന് നിൽക്കുന്ന പ്രദേശം വന്യജീവി സങ്കേതമാണ്. അത് കൊണ്ട് തന്നെ മുഴക്കുന്ന് പഞ്ചായത്തിന് വന്യജീവി ആക്രമണം നേരിടേണ്ടി വരാറുണ്ട്. ഇതിനെ ഒരു പരിധിവരെ തടയാനുള്ള പ്രവർത്തനങ്ങൾക്കായി 2500000/- (ഇരുപത്തി അഞ്ച് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

# കരട് ബജറ്റ് 2026–27

| | ക്രമ നമ്പർ | ഇനം | | ബജറ്റിൽ വകയിരുത്തിയ തുക |
|---|---|---|---|---|
| | A | മുൻബാക്കി | WS 1 | **29675735** |
| BS1 | B | **നികുതി വരവുകൾ** | | |
| | | 1. വസ്തു നികുതി | | 9300000 |
| | | 2. തൊഴിൽ നികുതി | | 3600000 |
| | | **ആകെ നികുതി വരവുകൾ** | | **12900000** |
| BS2 | C | **നികുതിയേതര വരവുകൾ** | | |
| | | കെട്ടിടങ്ങളുടെ വാടക | | 850000 |
| | | രജിസ്ട്രേഷൻ ഫീസ് | | 37000 |
| | | ലൈസൻസ് ഫീസ് | | 800000 |
| | | വളർത്തുനായ്ക്കളുടെ ലൈസൻസ് ഫീസ് | | 2000 |
| | | പെർമിറ്റ് അപേക്ഷ ഫീസ് | | 700000 |
| | | പെർമിറ്റ് ഫീസ് | | 5000000 |
| | | ടെലികമ്യൂണിക്കേഷൻ ടവർ ഫീസ് | | 300000 |
| | | സർട്ടിഫിക്കറ്റ്/പകർപ്പ് ഫീസ് | | 10000 |
| | | പിഴ | | 400000 |
| | | മറ്റ് ഫീസുകൾ | | 200000 |
| | | ഉൽപ്പന്നങ്ങളുടെ വിൽപ്പന | | 60000 |
| | | ഫോറം വിൽപ്പന | | 350000 |
| | | വാഹന വാടക | | 800000 |
| | | മറ്റ് വസ്തുക്കളുടെ വിൽപ്പന | | 100000 |
| | | റോഡ് കട്ടിംഗ് ചാർജ് | | 200000 |
| | | നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | | 1050000 |
| | | ബാങ്ക് പലിശ | | 850000 |
| | | പിഴ പലിശ | | 200000 |
| | | മറ്റ് നികുതിയേതര വരവുകൾ | | 600000 |
| | | **ആകെ നികുതിയേതര വരവുകൾ** | | **12509000** |
| | D | **ആകെ തനത് ഫണ്ട് വരവുകൾ** | B+C | **25409000** |
| BS3 | E | **ജനറൽ പർപ്പസ് ഫണ്ട്** | | **18505000** |
| | F | **ആകെ (തനത് +ജനറൽ പർപ്പസ്)** | D+E | **43914000** |

| | | | | |
|---|---|---|---|---|
| BS4 | G | **പദ്ധതി ചെലവുകൾക്കുള്ള വരവുകൾ** | | |
| | | വികസന ഫണ്ട് – ജനറൽ | | 26549000 |
| | | വികസന ഫണ്ട് – എസ്.സി.പി | | 726000 |
| | | വികസന ഫണ്ട് – ടി.എസ്.പി | | 3864000 |
| | | മെയിന്റനൻസ് ഗ്രാന്റ് – റോഡ് | | 17079000 |
| | | മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | | 7203000 |
| | | മറ്റ് ഗ്രാന്റുകളും ഫണ്ടുകളും (എം.ജി.എൻ.ആർ.ഇ.ജി.എസ് ഉൾപ്പെടെ) | | 81641125 |
| | | **ആകെ ഗ്രാന്റുകൾ** | | **137062125** |
| BS5 | H | **പദ്ധതിയേതര ചെലവുകൾക്കുള്ള ഗ്രാന്റ്** | | |
| | | 1. സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ ( സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായവ ) | | 63223000 |
| | I | **പദ്ധതി/പദ്ധതിയേതര ചെലവുകൾക്കുള്ള ആകെ വരവുകൾ** | F+G+H | 244199125 |
| | M | ആകെ വരവുകൾ | | 244199125 |
| | N | **മൊത്തം വരവ്(ആകെ വരവുകളും പ്രാരംഭ ബാക്കിയും)** | M+A | **273874860** |

# ചെലവുകൾ

| | ക്രമ നമ്പർ | ചെലവ് ഇനം | | വകയിരുത്തിയ തുക |
|---|---|---|---|---|
| BS8 | | **അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ** | | |
| | O | **എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | |
| | | ശമ്പളം ജീവനക്കാർ | | 11550000 |
| | | വേജസ് – ദിവസവേതനക്കാർ | | 750000 |
| | | ബോണസ്സ്/ഉത്സവബത്ത | | 185000 |
| | | ജീവനക്കാരുടെ യാത്രാബത്ത/മറ്റ് ബത്ത | | 225000 |
| | | ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് | | 2400000 |
| | | ജനപ്രതിനിധികളുടെ യാത്രാബത്ത | | 100000 |
| | | പെൻഷൻ കോൺട്രിബ്യൂഷൻ | | 1000000 |
| | | അവധി ശമ്പളം | | 250000 |
| | | **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | **16460000** |
| | | **ഭരണ ചെലവുകൾ** | | |
| | | വാടക | | 5000 |
| | | നികുതി/റേറ്റ്സ് | | 5000 |
| | | ഓഫീസ് വൈദ്യുതി ചാർജ്ജ് | | 120000 |

| | | | |
|---|---|---|---|
| | ഓഫീസ് വാട്ടർ ചാർജ് | | 55000 |
| | മറ്റ് ഓഫീസ് പരിപാലന ചെലവുകൾ | | 120000 |
| | ടെലഫോൺ/ഇന്റർനെറ്റ്/ തപാൽ ചാർജ് | | 170000 |
| | പുസ്തകങ്ങളും ആനുകാലികങ്ങളും | | 350000 |
| | അച്ചടിയും സ്റ്റേഷനറിയും | | 400000 |
| | ഇൻഷൂറൻസ്/രജിസ്ട്രേഷൻ | | 30000 |
| | ഓഡിറ്റ് ഫീ | | |
| | നീതിന്യായ സേവനങ്ങൾ | | 100000 |
| | പ്രൊഫഷണൽ സേവനങ്ങൾ | | 20000 |
| | പരസ്യവും പ്രചരണവും | | 70000 |
| | മെമ്പർഷിപ്പ്/വരിസംഖ്യ | | 30000 |
| | സംഭാവനകൾ | | 70000 |
| | മറ്റ് ഭരണ ചെലവുകൾ | | 100000 |
| | **ആകെ ഭരണ ചെലവുകൾ** | | **1645000** |
| | **നടത്തിപ്പും സംരക്ഷണവും** | | |
| | വൈദ്യുതി ചാർജ്-സ്ട്രീറ്റ് ലൈറ്റ് | | 600000 |
| | വൈദ്യുതി ചാർജ്-മറ്റ് കെട്ടിടങ്ങൾ | | 70000 |
| | ഡീസൽ, പെട്രോൾ, ഓയിൽ ചാർജ് | | 600000 |
| | വാട്ടർ ചാർജ്-സ്ട്രീറ്റ് ടാപ്പ് | | 350000 |
| | വാടക - വാഹന വാടക | | 200000 |
| | വാടക-ഉപകരണങ്ങൾ | | 30000 |
| | മാലിന്യം റിപ്പോർട്ട് ചെയ്യൽ-പാരിതോഷികം | | 30000 |
| | സംരക്ഷണവും അറ്റകുറ്റപ്പണിയും - വാഹനങ്ങൾ | | 120000 |
| | സംരക്ഷണവും അറ്റകുറ്റപ്പണിയും - ഓഫീസ് ഉപകരണങ്ങൾ | | 150000 |
| | റിഫ്രഷ്മെന്റ് ചാർജ് | | 130000 |
| | മറ്റ് നടത്തിപ്പ് /മെയിന്റനൻസ് ചെലവുകൾ | | 73000 |
| | **നടത്തിപ്പും സംരക്ഷണവും ആകെ ചെലവുകൾ** | | **2353000** |
| | ബാങ്ക് ചാർജുകൾ/മറ്റ് ധനകാര്യ ഇടപാടുകൾ | | **5000** |
| | **അനിവാര്യ ചെലവുകൾ ആകെ** | | **20463000** |
| | | | |
| | **സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ, എം ജി എൻ അർ ഇ ജി എസ മുതലായവ** | | 114056600 |
| | | | |
| **V** | **ആകെ ചെലവുകൾ** | R+U | **134519600** |

| | | | |
|---|---|---|---|
| | | | |
| | ബാലൻസ് | N-V | 139355260 |
| | 2026-27 പദ്ധതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്ന തുക | | 131766940 |
| | നീക്കി ബാക്കി | | 7588320 |

## 2025-26 ബജറ്റ് സംഗ്രഹം

| | | |
|---|---|---|
| | മുൻബാക്കി | 29675735 |
| | പ്രതീക്ഷിക്കുന്ന ആകെ വരവുകൾ | 244199125 |
| | ആകെ | 273874860 |
| | പ്രതീക്ഷിക്കുന്ന ആകെ ചെലവുകൾ | 266286540 |
| | നീക്കി ബാക്കി | 7588320 |

*ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൻന്റെ 2026-27 വർഷത്തെ ബജറ്റ് ഭരണ സമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.*

*പ്രീത ദിനേശൻ*
*(വൈസ് പ്രസിഡണ്ട്)*
*മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്*